# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1137** **20/01/2014-ൽ മറുപടിക്ക്**

**സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ സൗജന്യ യൂണിഫോം വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; സർക്കാർ ഉത്തരവിറക്കിയത് എന്നായിരുന്നു; | (എ) നിലവിൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നൽകിവരുന്ന സൗജന്യ യൂണിഫോം അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് കൂടി അനുവദിച്ച് 29/5/2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 177/2013/പൊ.വി.വ പ്രകാരം തീരുമാനിച്ചു. ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾക്ക് ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാനാണ് തീരുമാനമെടുത്തത്. ഇതിനായി ടെൻഡർ ഫോമുലേഷൻ ആന്റ് ഇവാല്വേഷൻ കമ്മിറ്റി രൂപീകരിക്കുകയും, 8 കമ്പനികളെ യൂണിഫോം വിതരണം ചെയ്യുന്നതിനായി എംപാനൽ ചെയ്യുകയുമുണ്ടായി. ടി കമ്പനികളിൽ നിന്നോ പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുവാനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി ആദ്യ ഗഡു തുക വിതരണം ചെയ്തിട്ടുണ്ട്. 2014 ജനുവരി 17-ന് മുൻപ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന്റെ സപ്ലൈ ഓർഡർ നൽകി വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അദ്ധ്യയന വർഷാരംഭത്തിൽ യൂണിഫോം വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; വിതരണം ചെയ്തു തുടങ്ങിയത് എപ്പോഴാണ്; അർഹതപ്പെട്ടവർക്കെല്ലാം യൂണിഫോം വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഈ അദ്ധ്യയന വർഷത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെ സംസ്ഥാനത്തെ സർക്കാർ - എയിഡഡ് മേഖലയിലെ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും രണ്ടു ജോഡി യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്ന ബൃഹത്തായ പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കുന്നതിനാൽ നടപടി ക്രമങ്ങൾ പൂർണ്ണമായി പൂർത്തിയാക്കുന്നതിന് സമയമെടുത്തതിനാൽ യൂണിഫോം വിതരണത്തിന് കാലതാമസമുണ്ടായിട്ടുണ്ട്. |
| (സി) | മൊത്തം എത്ര കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യാനാണ് പദ്ധതിയിട്ടിരുന്നത്; ഇതിന് കണക്കാക്കപ്പെട്ട മൊത്തം ചെലവ് എത്ര; ഒരു വിദ്യാർത്ഥിക്ക് എന്ത് തുകയുടെ യൂണിഫോം നൽകാൻ ഉദ്ദേശിച്ചിരുന്നു; യൂണിഫോം സംസ്ഥാന തലത്തിൽ ഒരുമിച്ച് വാങ്ങാൻ തീരുമാനം എടുത്തത് എപ്പോഴാണ്; ഒരുമിച്ച് വാങ്ങിയ യൂണിഫോമിന്റെ മൊത്തം ചെലവ് എത്ര രൂപയാണ്; | (സി) | ഏകദേശം 21 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. 80 കോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഒരു കുട്ടിക്ക് ഒരു ജോഡി യൂണിഫോമിന് തയ്യൽകൂലി അടക്കം 200 രൂപ നിരക്കിൽ 2 ജോഡി യൂണിഫോം വാങ്ങുന്നതിന് 400 രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്.<br>യൂണിഫോം സംസ്ഥാന തലത്തിൽ ഒരുമിച്ചു വാങ്ങാൻ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) | എല്ലാ സ്കൂളുകളുടേയും യൂണിഫോം ഒരേ മാതൃകയിലാണോ; ഏതെല്ലാം മില്ലുകളിൽ നിന്നും എന്ത് വിലയ്ക്കാണ് യൂണിഫോം തുണികൾ വാങ്ങിയത് എന്ന് വ്യക്തമാക്കാമോ? | (ഡി) | യൂണിഫോം മാതൃക തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അതത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. മില്ലുകളിൽ നിന്നും യൂണിഫോം വാങ്ങിയതിന്റെ വിവരങ്ങൾ സ്കൂൾ തലത്തിൽ നിന്നും ഇതുവരെയും ലഭ്യമായിട്ടില്ല. |

Usaime Beevi S.
സെക്ഷൻ ഓഫീസർ